2nd January 2016 / Saturday

69th day of 90 days

സങ്കീർത്തനങ്ങൾ 119:11

‘ഞാൻ നിന്നോട് പാപം ചെയ്യാതിരിക്കേണ്ടതിനു നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു.’

സത്യവചനം ഹൃദയത്തിൽ ധ്യാനിച്ച് എപ്പോഴും ദൈവത്തെ ആരാധിക്കാനും സ്തുതിക്കാനും സ്തോത്രം ചെയ്യാനും കഴിയണം. അല്ലാത്തപക്ഷം നാം ധ്യാനിക്കാത്ത അവസരങ്ങൾ ശ്രദ്ധിച്ചിരിക്കുന്ന ദുഷ്ടശക്തികൾ നമ്മെ പാപത്തിലേക്ക് വീഴ്ത്താൻ തക്കം പാർത്തിരിക്കുന്നു. യാമപ്രാർത്ഥനകൾ, ആരാധനകൾ, ധ്യാനങ്ങൾ എന്നിവ ഇല്ലാത്ത ജീവിതനിമിഷങ്ങൾ പാപം ചെയ്യാനും അങ്ങനെ നമ്മുടെ ജീവനെ / പ്രാണനെ സാത്താന്റെ അവകാശത്തിൽ അകപ്പെട്ട് പാതാളത്തിൻ കാരാഗൃഹത്തിൽ ബന്ധിക്കപ്പെടാനും സാധ്യതയുണ്ട്. സാധാരണ മനുഷ്യർക്ക് ഈ ലോകത്തിൽ എപ്പോഴും ദൈവത്തെ സ്തുതിക്കാനും സ്തോത്രം ചെയ്യാനും കഴിയണമെന്നില്ല. നമ്മുടെ ശരീരത്തിന് എപ്പോഴും ദൈവത്തെ ആരാധിക്കുന്നതിന് പരിമിതികൾ ഉണ്ട്, എന്നാൽ നമ്മുടെ ജീവൻ / പ്രാണൻ – അതിന് എപ്പോഴും ദൈവത്തെ ആരാധിക്കാനും സ്തുതിക്കാനും സ്തോത്രം ചെയ്യാനും കഴിയും. പക്ഷേ യേശുവിന്റെ ഉള്ളിലുള്ള പ്രാണനു മാത്രമേ നമുക്കുവേണ്ടി ഈ വേലകൾ ചെയ്യാൻ കഴിയൂ. അതിനുവേണ്ടി പ്രാണനെ ഒരുക്കിയെടുത്ത്, അതിനെ വിശുദ്ധീകരിച്ച് പിതാവിനെ ഏൽപ്പിച്ച്, ദൈവത്തിന്റെ അരുളപ്പാടിനായി കാത്തിരുന്ന് ലഭിച്ച് പ്രവർത്തിക്കേണം. ദൈവത്തിന്റെ വചനം ഹൃദയത്തിൽ സംഗ്രഹിച്ച്, അത് പ്രയോഗിക്കേണ്ടതായ അവസരങ്ങളിൽ ഉപയോഗിക്കാൻ നമുക്ക് പരിശുദ്ധാത്മാവിന്റെ ആവാസവും ഓർമ്മപ്പെടുത്തലും ആവശ്യമാണ്. ആദ്യമായി നമ്മുടെ ഹൃദയം, സത്യവചനം സംഗ്രഹിക്കുവാൻ വിധം വിശുദ്ധിയുള്ളതാണോ എന്ന് സ്വയപരിശോധന നടത്തി, യാമപ്രാർത്ഥനകൾ സമയത്ത് നടത്തി നമ്മുടെ ദേഹത്തിന്റെയും ദേഹിയുടെയും ഇന്ദ്രീയങ്ങൾ ശുദ്ധീകരിച്ച് ഹൃദയത്തെ കാത്തു സൂക്ഷിക്കേണം. വിശുദ്ധീകരണവും ശക്തീകരണവും പ്രാപിച്ച് ഹൃദയത്തിൽ സത്യവചനം സംഗ്രഹിക്കാൻ നാം ശ്രമിക്കേണം. സത്യവചനം ധ്യാനിക്കുമ്പോൾ അത് അനുഭവമാകണമെങ്കിൽ പരിശുദ്ധാത്മാവിന്റെ നിറവിൽ ആകണം. അങ്ങനെ വചനം നിറഞ്ഞ ഹൃദയത്തിൽ നിന്ന്, ഒരിക്കലും പാപം ചെയ്യാനുള്ള ചിന്തയോ വിചാരമോ ഉണ്ടാകാൻ ഇടയില്ല. പാപത്തിന്റെ ചിന്തകളെ കടിഞ്ഞാണിട്ട് ജീവിതത്തെ നിയന്ത്രിച്ച് ഹൃദയങ്ങളെ ദൈവത്തിൽ സമർപ്പിക്കണം. നമ്മുടെ ആഗ്രഹങ്ങളെയും മോഹങ്ങളെയും എല്ലാം തിരുവചനത്തിന്റെ അടിസ്ഥാനത്തിൽ സ്വയം പരിശോധന നടത്തി, ദൈവീകമായ സൂചനകൾ അനുസരിച്ച് പ്രവർത്തിക്കാൻ നമുക്ക് കഴിയണം. നന്മതിന്മകളെ തിരിച്ചറിഞ്ഞ് ജീവിതപാതയിൽ കൂടുതൽ വിശുദ്ധി കാത്തുസൂക്ഷിക്കാനും അനുഗ്രഹപൂർണ്ണമാക്കണം. ഒരുവന്റെ ഹൃദയം നിറഞ്ഞുകവിയുന്നതാണ് വായ് സംസാരിക്കുന്നതും പ്രവർത്തിക്കുന്നതും. തേൻ നിറഞ്ഞ കൂട് പോലെ വചനം കൊണ്ട് നിറയണം നമ്മുടെ ഹൃദയങ്ങൾ, ആരെല്ലാം എന്തെല്ലാം പറഞ്ഞാലും നമ്മുടെ പ്രതികരണം തേൻപോലെ മാധുര്യമുള്ളതാകണം. ശത്രുക്കൾക്കും ദൈവസ്നേഹത്തിന്റെ സൗരഭ്യം പകർന്നുകൊടുക്കാൻ നമ്മൾക്ക് കഴിയണം. പാപത്തിന്റെ ചിന്തകളെയും വിചാരങ്ങളെയും ഹൃദയത്തിൽ നിന്ന് തുടച്ചുമാററി സകലരെയും ശ്രേഷ്ഠരായി കരുതി, ദൈവത്തിന്റെ മക്കളായി, സകലർക്കും മാതൃകയായി ജീവിക്കുന്നതിന് ദൈവത്തിന്റെ കൃപയും കരുണയും യാചിക്കാം.